**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2664** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി. സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാഹന ചാർജ്ജിങ് സ്റ്റേഷനുകളുടെ സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ എല്ലാ ജില്ലകളിലുമായി 63 ഫാസ്റ്റ് ചാർജ്ജിങ് സ്റ്റേഷനുകളും എല്ലാ നിയോജക മണ്ഡലങ്ങളിലുമായി 1169 പോൾ മൗണ്ടഡ് ചാർജ്ജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. വ്യത്യസ്ത കേന്ദ്ര-സംസ്ഥാന സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് സംസ്ഥാനത്ത് വൈദ്യുതി വാഹനങ്ങളുടെ തുടക്കകാലത്ത് മേൽ പ്രസ്ഥാവിച്ച പ്രകാരം ഒരു ചാർജ്ജിങ് ശൃംഖല കെ.എസ്.ഇ.ബി.എൽ. ഒരുക്കിയിത്. ഇത്തരം പ്രവർത്തനങ്ങളുടെയെല്ലാം ഫലമായി വൈദ്യുതി വാഹനങ്ങളുടെ രംഗത്ത് വലിയതോതിലുള്ള കുതിച്ചുചാട്ടത്തിനാണ് കേരളം സാക്ഷ്യം വഹിച്ചത്. ഇന്നത്തെ നിലയിൽ രണ്ടേകാൽ ലക്ഷത്തോളം വൈദ്യുതി വാഹനങ്ങളും കെ.എസ്.ഇ.ബി.എൽ.-ന്റെ അല്ലാതെ തന്നെ 800-ൽ പരം ചാർജ്ജിങ് സംവിധാനങ്ങളും സംസ്ഥാനത്ത് നിലവിലുണ്ട്. അനുദിനം സാങ്കേതിക വിദ്യയിൽ വളരെയധികം മാറ്റം സംഭവിക്കുകയും വൈദ്യുതി വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചു വരികയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ പുതിയ തലമുറ ചാർജ്ജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 'Revamping Electric Vehicle Charging Ecosystem in Kerala' എന്ന വിഷയത്തിൽ കെ.എസ്.ഇ.ബി.എൽ. 04/12/2024-ന് ഒരു ശില്പശാല സംഘടിപ്പിക്കുകയും, കെ.എസ്.ഇ.ബി.എൽ. ഇതുവരെ സ്ഥാപിച്ചിട്ടുള്ള ഫാസ്റ്റ് ചാർജ്ജിങ് സ്റ്റേഷനുകൾ എല്ലാം തന്നെ പുത്തൻ സാങ്കേതിക വിദ്യകളോട് കൂടിയ ചാർജറുകളും ആധുനിക സൗകര്യങ്ങളും ചേർത്ത് നവീകരിക്കാനും 'റിഫ്രഷ് ആൻഡ് റീചാർജ്ജ്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അത്യാധുനിക ചാർജ്ജിങ് |

| | | | |
|---|---|---|---|
| | | | സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി സംരംഭകർക്ക് സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതിയോടെ EV ആക്സിലറേറ്റർ സെല്ലിന്റെ പ്രവർത്തനം കെ.എസ്.ഇ.ബി.എൽ.-ൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇൻഡക്ഷൻ ബെയ്സ്ഡ് വയർലെസ് ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി. സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഇൻഡക്ഷൻ ബെയ്സ്ഡ് വയർലെസ് ഇലക്ട്രിക്ക് വെഹിക്കിൾ ചാർജ്ജിങ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടില്ല |
| (സി) | ബാറ്ററി സ്വാപ്പിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി കെ.എസ്.ഇ.ബി.യുടെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ? | (സി) | ബാറ്ററി സ്വാപ്പിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിൽ ഇല്ല എന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ